**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258</u>** **<u>13-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>അറയ്ക്കൽ മ്യൂസിയം പരിപാലിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങളും പുരാവസ്തു, പുരാരേഖ ശേഖരങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും കൂടുതൽ പ്രയോജനപ്പെടത്തക്കവിധം ജനകീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ പുരാവസ്തു മ്യൂസിയങ്ങൾ പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. മ്യൂസിയങ്ങളിൽ എത്തുന്നവർക്ക് ശിലായുഗത്തിലേതുൾപ്പെടെയുള്ള പുരാവസ്തുക്കൾ നേരിൽ കാണുന്നതിനും അവയെ പ്പറ്റിയുള്ള വിശദാംശങ്ങൾ നേരിട്ട് മനസിലാക്കുന്നതിനും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സന്ദർശകരുമായി കൂടുതൽ ഫലപ്രദമായി സംവദിക്കുന്നതിന് പുതുതായി സജ്ജീകരിക്കുന്ന മ്യൂസിയങ്ങളിൽ ആവശ്യമായ സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടിയുള്ള പുരാവസ്തു മ്യൂസിയങ്ങളുടെ പുനസജ്ജീകരണ പ്രവർത്തനങ്ങളിലും, പുതിയതായി ആരംഭിക്കുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങളിലും ഈ രീതി പിന്തുടരുന്നുണ്ട്. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പഠനത്തിന് ഉതകുന്ന വിധത്തിലുള്ള വിവരങ്ങൾ വകുപ്പ് ലഭ്യമാക്കുന്നുണ്ട്. മ്യൂസിയം വസ്തുക്കളുടെയും സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്ന പുരാവസ്തുക്കളുടെയും വിവരങ്ങൾ, ചിത്രങ്ങൾ എന്നിവ അനുമതിയോടു കൂടി പഠിതാക്കൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. മ്യൂസിയങ്ങളെ ജനകിയമാക്കുന്നതിനായി വിവിധ മ്യൂസിയങ്ങളുടെ നേതൃത്വത്തിൽ Outreach പ്രോഗ്രാമുകളും വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.<br><br>സംസ്ഥാന പുരാരേഖാ വകുപ്പിൽ പൊതുജനത്തിന് ആവശ്യമായ രേഖകളുടെ പകർപ്പ് നൽകുന്നുണ്ട്. കോളേജ് തലത്തിലും സ്കൂൾ തലത്തിലും |

| | | | |
|---|---|---|---|
| | | | സെമിനാറുകൾ എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ ചരിത്രബോധം വളർത്തുന്നതിനായി സ്കൂൾ തലത്തിൽ ഹെറിറ്റേജ് ക്ലബ്ബുകൾ നിലവിലുണ്ട്. വർഷംതോറും സ്കൂൾ തലത്തിൽ ചരിത്ര ക്വിസ്സ് സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം നടത്തുന്നുണ്ട്. ഡൽഹി, കൽക്കട്ട, മുംബൈ, ഹൈദരാബാദ് എന്നിവിടങ്ങളിൽ സെമിനാറുകളും, എക്സിബിഷനുകളും വകുപ്പ് സംഘടിപ്പിക്കാറുണ്ട്. വകുപ്പിന് കീഴിൽ വരുന്ന മ്യൂസിയങ്ങളായ വൈക്കം സത്യാഗ്രഹ ഗാന്ധി സ്മാരക മ്യൂസിയവും, ഉദ്ഘാടന സജ്ജമായി വരുന്ന താളിയോല മ്യൂസിയവും എല്ലാവർക്കും പ്രയോജനപ്പെടുത്തുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.<br><br>മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളും എല്ലാവർക്കും പ്രയോജനപ്പെടുന്ന വിധം മാറ്റങ്ങൾ വരുത്തി സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധാരണം നടത്തി ഇൻഡ്യയിലെ ഏറ്റവും മികച്ച നാച്ചുറൽ ഹിസ്റ്ററി മ്യൂസിയമാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ രാജാ രവിവർമ്മ പെയിന്റിംഗുകൾ മികച്ച സംവിധാനങ്ങളോടെ പ്രദർശിപ്പിക്കുന്നതിന് വേണ്ടിയുള്ള പുതിയ രാജാരവിവർമ്മ ആർട്ട് ഗ്യാലറി; ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപത്തായി പണി പൂർത്തിയായി വരുന്നു.<br><br>ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് തലശ്ശേരി ഹെറിറ്റേജ് പ്രൊജക്റ്റ്, ആലപ്പുഴ ഹെറിറ്റേജ് പ്രൊജക്റ്റ്, മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിഘടകങ്ങളിൽ ചില പ്രധാനപ്പെട്ട മ്യൂസിയങ്ങൾ ഉൾപ്പെടുന്നു. ഇത് പൂർത്തീകരിച്ചു പ്രാവർത്തികമാക്കുന്നതോടെ മ്യൂസിയങ്ങൾ കൂടുതൽ ജനകീയമാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കണ്ണൂരിലെ അറയ്ക്കൽ മ്യൂസിയം വേണ്ടവിധം സംരക്ഷിച്ച് പരിപാലിക്കാത്തതിനാൽ നാശോന്മുഖമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അറയ്ക്കൽ കൊട്ടാരത്തിലാണ് അറയ്ക്കൽ മ്യൂസിയം പ്രവർത്തിക്കുന്നത്. കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശവും മ്യൂസിയത്തിന്റെ നടത്തിപ്പും കുടുംബ ട്രസ്റ്റിനാണ്. എന്നാൽ ഇതിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന്റെ മേൽനോട്ടത്തിൽ ഉടമസ്ഥർക്കോ വകുപ്പിന് നേരിട്ടോ നിർവ്വഹിക്കാവുന്നതാണ്. എന്നാൽ വകുപ്പിന്റെ അറിവോ അനുമതിയോ ഇല്ലാതെ നടത്തിയ അറ്റകുറ്റ പ്രവൃത്തികളും കെട്ടിടത്തിന്റെ ചില |

| | | | |
|---|---|---|---|
| | | | ഭാഗങ്ങൾ വാടകക്ക് കൊടുത്തതും സ്മാരകത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. |
| (സി) | അറയ്ക്കൽ മ്യൂസിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിലവിലെ സംരക്ഷണ, പരിപാലന ചുമതല ആർക്കാണെന്ന് വിശദമാക്കാമോ; | (സി) | അറയ്ക്കൽ കൊട്ടാരത്തിലാണ് അറയ്ക്കൽ മ്യൂസിയം പ്രവർത്തിക്കുന്നത്. കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശവും മ്യൂസിയത്തിന്റെ നടത്തിപ്പും കുടുംബ ട്രസ്റ്റിനാണ്. എന്നാൽ ഇതിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന്റെ മേൽനോട്ടത്തിൽ ഉടമസ്ഥർക്കോ വകുപ്പിന് നേരിട്ടോ നിർവ്വഹിക്കാവുന്നതാണ്. എന്നാൽ വകുപ്പിന്റെ അറിവോ അനുമതിയോ ഇല്ലാതെ നടത്തിയ അറ്റകുറ്റ പ്രവൃത്തികളും കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ വാടകക്ക് കൊടുത്തതും സ്മാരകത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. |
| (ഡി) | മ്യൂസിയത്തിന്റ മുൻഭാഗത്ത് ചുറ്റുമതിലോ മറ്റ് സംരക്ഷണ സംവിധാനമോ ഇല്ലാത്തതും റോഡ് വികസനം കൊട്ടാരത്തിന്റെ ഭിത്തിയോട് ചേർന്നുവരുന്നതും ഇതിന്റെ നിലനിൽപ്പിനെ സാരമായി ബാധിക്കാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | കൊട്ടാരവും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധാരണം നടത്തി സംരക്ഷിക്കുന്നതിനും കൂടുതൽ ചരിത്ര വിദ്യാർത്ഥികളെയും ഗവേഷകരെയും വിനോദസഞ്ചാരികളെയും ആകർഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | സംരക്ഷിത സ്മാരകത്തിന്റെ അടിയന്തിര സംരക്ഷണത്തിന് 2022-23 വർഷം 24.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. സംരക്ഷണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>കൊട്ടാരവും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധാരണം നടത്തി സംരക്ഷിക്കുന്നതിനു വേണ്ടി ടൂറിസം വകുപ്പ് കിഫ്ബി മുഖേനയും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ